മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, കൊച്ചി ഭദ്രാസനം

മാർത്തോമൻ പള്ളി, മുളന്തുരുത്തി

മുളന്തുരുത്തി പെരുന്നാൾ

പപ്പിമെന്റ്

റീഹോനൂസോ

വിശുദ്ധിയുടെ സുഗന്ധം

പരി. പരുമല തിരുമേനിയുടെ 123-ാം ഓർമ്മപ്പെരുന്നാൾ

2025 ഒക്ടോബർ 26 മുതൽ നവംബർ 4 വരെ

916 HALLMARKED JEWELLERY

നമ്പ്യാപറമ്പിൽ Tee Jay ജുവല്ലേഴ്സ്

916 TJJ

പള്ളിത്താഴം, മുളന്തുരുത്തി
PH: 0484 2744881

പാലാ റോഡ്, കടുത്തുരുത്തി
PH: 04829 283277

MALANKARA ORTHODOX SYRIAN CHURCH
COCHIN DIOCESE

Dr.Yakob Mar Irenaios.
Metropolitan

Sion Seminary, Koratty East P.O
Thrissur, Kerala-680 308
Ph: 0480-2732023
Email: sionseminary@gmail.com



മഹർഷിയും അതുല്ല്യ യോഗിയും ക്രിസ്തീയ സന്യാസ പാരമ്പര്യത്തിലെ ഉജ്വല തേജസ്വിയുമായിരുന്ന പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് പിതാവ് സമാധിയായിട്ട് 123 വർഷം പൂർത്തിയാകുകയാണ്. മുളന്തുരുത്തി ദേശത്ത് ജനിച്ചു വളർന്ന്, മുളന്തുരുത്തി മാർത്തോമ്മൻ ദേവാലയത്തിലെ ആത്മിക സൗരഭ്യം നുകർന്നു വന്ന ഈ പിതാവ് ഇന്ന് മലയാള സഭ ആകമാനം നിറഞ്ഞു നിൽക്കുന്ന വിശുദ്ധിയുടെ പരിമളമാണ്. ഇന്നും ദൈവ തേജസ്സിൽ ജീവിക്കുന്ന ഈ പരിശുദ്ധൻ ആശ്വാസമായും സൗഖ്യമായും, ഉപദേശ സഹായമായും, ശാസനയായും, സാന്ത്വനമായും നമ്മോടൊപ്പമുണ്ട്. അദ്ദേഹം ജ്ഞാനസ്നാനമേറ്റ മാർത്തോമൻ പള്ളിയിൽ അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ഒരു ആത്മിക ആഘോഷമാണ്. ഈ വർഷം നവംബർ 4-ാം തിയതിയാണ് ഇവിടെ സമാധി അനുസ്മരണം നടത്തുന്നത്. മലങ്കരസഭയിൽ, കൊച്ചി മെത്രാസനത്തിലെ പ്രമുഖ ദേവാലയമായ മുളന്തുരുത്തി മാർത്തോമൻ ഇടവകക്ക് ഇത് അനുഗ്രഹവർഷ ദിനമാണ്.

പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമ്മുടെ കൂടെ ഉണ്ടാകട്ടെ. പെരുന്നാൾ സപ്ലിമെന്റിന് അനുഗ്രഹാശംസകൾ നേരുന്നു.

ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

സ്വർഗ്ഗത്തെ സ്നേഹിച്ച വിശുദ്ധൻ

ഫാ. ജോബ് ഡേവിസ് (വികാരി)

യേശുക്രിസ്തുവിനെ വഴിയും സത്യവും ജീവനുമായി അനുഭവിച്ചറിഞ്ഞ് ആ സഞ്ചാര പാതയിൽ ജീവിച്ചവരാണ് വിശുദ്ധർ. പരിശുദ്ധനായ പരുമല തിരുമേനിയുടെ 123-ാം ഓർമ്മയുടെ നിറവിൽ ആയിരിക്കുമ്പോൾ നാം ചിന്തിക്കേണ്ടത് ദൈവേഷ്ട പ്രകാരമുള്ള ഒരു വിശുദ്ധ ജീവിതവഴിയും ഉയരത്തിലുള്ളത് അന്വേഷിക്കുന്ന ഒരു ആത്മീയ സ്വഭാവവും നമ്മിലുണ്ടാവണം എന്നത് തന്നെയാണ് എന്നാൽ ഇത് അനായാസം സാധ്യമാകുന്ന ഒന്നല്ല എന്ന് വിശുദ്ധന്റെ ജീവിതം നമ്മോട് സാക്ഷിക്കുന്നു. വിശുദ്ധി എന്നത് ഒരു വഴിയാണ്... ദൈവത്തോടൊപ്പമുള്ള സഞ്ചാരം. ഒരുപാട് സഹനവും, പ്രാർത്ഥനയും, ആത്മീയ സാധനകളും, ത്യാഗവും, സമർപ്പണവും കൊണ്ട് മാത്രം എത്തിച്ചേരാൻ സാധിക്കുന്നപാത. സുവിശേഷം ഒർമ്മപ്പെടുത്തുന്ന ദൈവരാജ്യത്തിലേക്കുള്ള ഇടുങ്ങിയ വഴിയും വിശുദ്ധിയുടെ വഴി തന്നെയാണ്. വിശാലമായ പെരുവഴികളും കുറുക്കുവഴികളും, അനീതിയുടെയും അധാർമ്മികതയുടേയും മേച്ചിൽപുറങ്ങളിലേക്ക് അനായാസേനയാത്ര ചെയ്യുവാൻ ഇന്നത്തെ തലമുറയെ പ്രേരിപ്പിക്കുമ്പോൾ ആത്മീയമായ ഒരു പ്രതിസംസ്ക്കാരത്തിന്റെ പ്രതിനിധിയായി നമ്മുടെ മുന്നിലുള്ള കണ്ണാടിയാണ് പരിശുദ്ധ പരുമല തിരുമേനി. വിശുദ്ധിയുടെ മധുര പരിമളം വീശുന്ന ഈ പുണ്യദിനങ്ങളിൽ പരിശുദ്ധ പിതാവ് കാട്ടിത്തന്ന വിശുദ്ധിയുടെ വഴികളെ പിന്തുടരുവാനും സ്വർഗ്ഗത്തെമാത്രം സ്നേഹിച്ച അദ്ദേഹത്തിന്റെ മാതൃക പിന്തുടരുവാനും നമുക്ക് ഈ ദിനങ്ങളിൽ പരിശ്രമിക്കാം.

അനേകരെ ക്രിസ്തുവിലേക്ക് ആദായപ്പെടുത്തിയ ഈ വിശുദ്ധന്റെ ഓർമ്മയും മദ്ധ്യസ്തതയും നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

നീതിമാന്മാരുടെ വഴി

ഫാ. സഞ്ജയ് ഏലിയാസ് ജോയി (സഹവികാരി)

നീതിമാന്മാരുടെ വഴി എന്നത് പഴയനിയമം മുന്നോട്ട് വയ്ക്കുന്ന ഒരു അലങ്കാരിക രൂപകമാണ് (Allegonical Metaphor). കേവലം അവർ നടന്നുതീർത്ത വീഥികളോ, ചുവടുവച്ച പാതകളോ എന്ന് മാത്രമല്ല ആ രൂപകം കൊണ്ട് അർത്ഥമാക്കുന്നത്. ഒരു വ്യക്തി ദൈവസമക്ഷം സമർപ്പിച്ച തന്റെ ജീവിതത്തിന്റെ കാലഗതിയാണത്. തന്റെ ഹൃദയശുദ്ധിയുടെ മാർഗ്ഗമാണ്. ഒരുവേളപോലും മനസ്സിടറാതെ ഈശ്വരസ്മരണയിൽ വേരൂന്നിയ തന്റെ ആയുഷ്കാലത്തിന്റെ ദൈർഘ്യമാണ്. നീതിമാന്മാരുടെ വഴി അരുണോദയത്തിന്റെ വെളിച്ചംപോലെയാകുന്നു എന്നും (സദൃശ്യവാക്യം 4:18), പ്രാണനെ കാത്തുകൊള്ളുന്നു എന്നും (16:17) ജീവന്റെ ഉറവിടമാകുന്നു എന്നും (12:28) ശലോമോന്റെ ജ്ഞാന പുസ്തകത്തിൽ പരാമർശിക്കുന്നത് ദൈവപുരുഷന്മാരുടെ കാലടികളെ പിൻപറ്റുന്നവർക്കുള്ള മഹത്തായ പ്രതിഫലത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുവാനാണ്.

മുളന്തുരുത്തി എന്ന ദേശത്തിന്റെ വഴിത്താരകൾക്ക് ഒരു പ്രത്യേകതയുണ്ട്. അത് ഒരു വിശുദ്ധന്റെ പാദമുദ്രകൾ പതിഞ്ഞ മണ്ണാണ്. മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് പിതാവിന്റെ ആത്മചുവടുകളാൽ പുണ്യമായ ഭൂമിക വെട്ടിക്കൽ ദയറ എന്ന അദ്ദേഹത്തിന്റെ സന്ന്യാസഭവനം മുതൽ മുളന്തുരുത്തി മാർത്തോമൻ പള്ളി എന്ന മാതൃദേവാലയം വരെയുള്ള ദൂരം എത്രയോ ആവർത്തി ആ തപോധനൻ പിന്നിട്ടു കാണണം. ഇതിലെ നടന്നു പോയി വലിയവർ എന്ന് പാടുന്നതുപോലെ, മുമ്പേ സഞ്ചരിച്ച ഒരു ദൈവപുരുഷൻ ഞങ്ങൾക്കുണ്ട് എന്ന് ചൂണ്ടിക്കാണിക്കുവാൻ ജന്മഭാഗ്യം സിദ്ധിച്ചവരാണ് മുളന്തുരുത്തിയുടെ പിന്നീടുള്ള തലമുറ തലമുറകൾ.

വിശുദ്ധന്റെ ആ ഗമനത്തെ അനുസ്മരിപ്പിക്കുംവിധം, അവിടുത്തെ ആത്മീയ മക്കൾ പരിശുദ്ധൻ നടന്ന വഴിയിലൂടെ അതേ പരിശുദ്ധന്റെ ചരമദിനത്തോടനുബന്ധിച്ച് പ്രാർത്ഥനകളും ശരണ മന്ത്രങ്ങളും ഉരുവിട്ടുകൊണ്ട് യാത്രചെയ്യുന്ന ഒരു നല്ല പതിവ് വർഷങ്ങളായി തുടർന്ന് വരികയാണ്. കാലം കഴിയുന്തോറും യാത്രികരുടെ എണ്ണം വർദ്ധിച്ചുവരുന്നു.

അതിതീവ്രമായി പെയ്തിറങ്ങിയ ഒരു മഴയത്തുപോലും അതിലും തീവ്രമായ. തീക്ഷ്ണമായ വിശ്വാസത്തെ നെഞ്ചോട് ചേർത്ത് പൈതങ്ങളും, യുവാക്കളും, പ്രായമായവരും, രോഗികളും, ശരീരിക ബുദ്ധിമുട്ടുള്ളവരും, കുഞ്ഞുങ്ങളെ കൈയിലേന്തിയ അമ്മമാരും, വയോധികരും ഒരേ മനസ്സോടെ യാത്ര ചെയ്ത ഒരു ചരിത്രമുണ്ട് ഈ പദയാത്രയ്ക്ക്. മണ്ണിലും മനസ്സിലും പ്രയാസങ്ങളുടെ എത്ര മഴക്കാലങ്ങൾ പെയ്തിറങ്ങിയാലും സകല ദുരിതങ്ങളിൽ നിന്നും വീണ്ടുകൊള്ളുവാൻ മുളന്തുരുത്തിയുടെ വിശുദ്ധന്റെ മദ്ധ്യസ്ഥത അഭയമായി കൂടെയുണ്ടെന്ന് ഈ യാത്രയും ഓർമ്മപ്പെടുത്തുന്നു.

വീണ്ടുമൊരു പെരുന്നാൾകാലം വന്നു ചേരുമ്പോൾ നാട് ഒരുങ്ങുകയാണ് പരിശുദ്ധൻ നടന്ന വഴിയിലൂടെ സഞ്ചരിക്കുവാൻ... പരിശുദ്ധൻ കാണിച്ച ഭക്തി മാർഗ്ഗത്തിലൂടെ ജീവിതയാത്ര ചെയ്യുവാൻ... ദൈവം അനുഗ്രഹിക്കട്ടെ...!!

മുളന്തുരുത്തി യുവജനപ്രസ്ഥാനം പ്രവർത്തന നാൾവഴികൾ, ജൂൺ – സെപ്റ്റംബർ 2025

മുളന്തുരുത്തി മാർത്തോമൻ പള്ളി: 900 വർഷത്തെ ചരിത്രവും പ്രസക്തിയും

ഫാ. സജോ തോമസ്, ശങ്കരത്തിൽ (സഹ വികാരി)

കേരളത്തിലെ പുരാതനക്രൈസ്തവ സമൂഹമായ മാർത്തോമൻ നസ്രാണികളുടെ ചരിത്രത്തിൽ മുളന്തുരുത്തി മാർത്തോമൻ പള്ളിക്ക് സുപ്രധാനസ്ഥാനമുണ്ട്. എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന ഈ ദേവാലയം, ഏകദേശം എ.ഡി. 1100-നും 1125-നും ഇടയിൽ സ്ഥാപിതമായതായി കരുതപ്പെടുന്നു. ഈ കാലഘട്ടം കണക്കിലെടുക്കുമ്പോൾ, 900 വർഷം എന്നത് ഈ പള്ളിയുടെയും അതുവഴി മലങ്കര സഭയുടെയും ചരിത്രപരമായ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു നാഴികക്കല്ലാണ്.

1. 900 വർഷത്തെ ചരിത്രപരമായ പ്രാധാന്യം (Historical Significance of 900 Years)

മുളന്തുരുത്തി പള്ളിക്ക് 900 വർഷം തികയുന്നത് കേവലം ഒരു വാർഷികാഘോഷം മാത്രമല്ല, കേരള ക്രൈസ്തവ ചരിത്രത്തിന്റെ സഹസ്രാബ്ദത്തോട് അടുത്തുള്ള ഒരു കാലഘട്ടം അടയാളപ്പെടുത്തലാണ്.

*** പുരാതനനിർമ്മിതി:**

എ.ഡി. 11-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഈ ദേവാലയം, കാലാന്തരത്തിൽ പലതവണ പുതുക്കിപ്പണിതെങ്കിലും, കേരളീയ വാസ്തുവിദ്യയുടെയും വിദേശീയ (ഗോഥിക്, പേർഷ്യൻ) ശൈലികളുടെയും മനോഹരമായ സംയോജനമാണ്. ആയിരം വർഷത്തോളം പഴക്കമുള്ള മാമ്മോദീസ തൊട്ടിയും പള്ളിയിലെ കൊത്തുപണികളും ഭിത്തിചിത്രങ്ങളും ഈ പള്ളിയുടെ പഴക്കത്തിന് സാക്ഷ്യം വഹിക്കുന്നു.

*** അപ്പോസ്തോലിക ബന്ധം:**

യേശുക്രിസ്തുവിന്റെ ശിഷ്യനായ മാർ തോമാശ്ലീഹായുടെ നാമധേയത്തിലുള്ള ഈ പള്ളിയിൽ,കൊച്ചി ഭദ്രാസനാധിപൻ അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത മാർ തോമാ ശ്ലീഹായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഈ തിരുശേഷിപ്പിന്റെ സാന്നിധ്യം പള്ളിക്ക് ഒരു പ്രധാന തീർത്ഥാടനകേന്ദ്രമെന്ന പദവി നൽകുന്നു.

2. മലങ്കര സഭാ ചരിത്രത്തിലെ സ്ഥാനം (Position in Malankara Church History)

മലങ്കര സഭയുടെ ചരിത്രത്തിൽ, ഭരണപരവും ആത്മീയവുമായ നിരവധി നിർണായക സംഭവങ്ങൾക്ക് മുളന്തുരുത്തി പള്ളി വേദിയായിട്ടുണ്ട്.

*** മുളന്തുരുത്തി സുന്നഹദോസ് (1876):** ഈ പള്ളിയെ ചരിത്രത്തിൽ ഏറ്റവും പ്രശസ്തമാക്കുന്നത് 1876-ൽ നടന്ന പ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസാണ് (സിനഡ്). അന്ത്യോഖ്യൻ പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസ് പത്രോസ് മൂന്നാമൻ ഇവിടെ അദ്ധ്യക്ഷത വഹിച്ചു. ഈ സുന്നഹദോസിലാണ് മലങ്കര സഭയുടെ ഭരണപരമായ കാര്യങ്ങൾക്കായി മലങ്കര അസോസിയേഷൻ രൂപീകരിച്ചത്. മലങ്കര സഭയിൽ ആദ്യമായി ഏഴ് ഭദ്രാസനങ്ങൾ രൂപീകരിച്ചത് മുളന്തുരുത്തിയിൽ ചേർന്ന ഈ സുന്നഹദോസിൽ ആണ് എന്നത് ഏറെ പ്രസക്തമായ ഒരു ചരിത്രമാണ്. കൂടാതെ, മലങ്കര സഭയുടെ ഭരണഘടനയുടെ അടിത്തറയായ മുളന്തുരുത്തി പടിയോല ഇവിടെവെച്ച് രേഖപ്പെടുത്തി. തദ്ദേശീയമായ ഭരണസംവിധാനം രൂപപ്പെടുത്തുന്നതിലും ഈ സുന്നഹദോസ് നിർണായക പങ്ക് വഹിച്ചു.

*** വിശുദ്ധന്മാരുടെ കബറിടങ്ങൾ:**

മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് പിതാവിന്റെ മാതൃദേവാലയം എന്നതിനാൽ മുളന്തുരുത്തി മാർത്തോമൻ പള്ളിയ്ക്ക് മലങ്കസഭയെ നയിച്ച പിതാക്കന്മാരുടെ ആകമാനചരിത്രത്തിൽ വ്യക്തമായ സ്ഥാനമുണ്ട്. വിശുദ്ധന്റെ ജന്മഭൂമി എന്നതുപോലെതന്നെ തുല്യപ്രാധാന്യം ലഭിക്കുന്ന ഒരു വസ്തുതയാണ് പുണ്യ പിതാക്കന്മാരുടെ കബറിടങ്ങൾ കുടികൊള്ളുന്നു എന്നുള്ളത്.

മലങ്കര സഭയുടെ ക്ഷണം പ്രകാരം എഴുന്നുള്ളിവന്ന പല വിശുദ്ധ പിതാക്കന്മാരുടെയും കബറിടങ്ങൾ ഇവിടെയുണ്ട്. മോർ ഇവാനിയോസ് ഹിദായത്തുള്ള, യെരുശലേം പാത്രിയർക്കീസ് മോർ ഗ്രീഗോറിയോസ് യൂഹാനോൻ, മോർ കൂറിലോസ് യൂയാക്കീം എന്നിവരുടെ കബറിടങ്ങൾ ഈ ദേവാലയത്തിൽ സ്ഥിതി ചെയ്യുന്നു.

3. സാംസ്കാരികവും വാസ്തുവിദ്യാപരവുമായ മൂല്യം (Cultural and Architectural Value)

900 വർഷത്തെ പാരമ്പര്യം ഈ പള്ളിക്ക് വലിയ സാംസ്കാരിക മൂല്യം നൽകുന്നു:

*** വാസ്തുവിദ്യ:** മിഡിൽ ഈസ്റ്റേൺ, കേരളീയ, യൂറോപ്യൻ ശൈലികളുടെ സമന്വയമാണ് പള്ളിയുടെ വാസ്തുവിദ്യ. പരി. മദ്ബഹായിലെ തടികൊണ്ടുള്ള കൊത്തുപണികളും, മനോഹരമായ ഭിത്തിചിത്രങ്ങളും, പുരാതനശിൽപങ്ങളും സന്ദർശകരെ ആകർഷിക്കുന്നതാണ്.

*** മാർത്തോമൻ ക്രിസ്ത്യാനികളുടെ പൈതൃകം:** നൂറ്റാണ്ടുകളായി, മാർത്തോമൻ ക്രിസ്ത്യാനികളുടെ വിശ്വാസവും പാരമ്പര്യവും സംരക്ഷിക്കുന്നതിൽ മുളന്തുരുത്തി പള്ളി ഒരു കെടാവിളക്കായി നിലകൊള്ളുന്നു.

ഉപസംഹാരം:

മുളന്തുരുത്തി മാർത്തോമൻ പള്ളിയുടെ 900 വർഷത്തെ നിലനിൽപ്പ്, മലങ്കര സഭയുടെ ചരിത്രത്തിലെ സുവർണ്ണ ലിപികളാണ്. മലങ്കര സഭയുടെ ഐക്യത്തിനും ഭരണപരമായ വളർച്ചയ്ക്കും ഈ ദേവാലയം നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. ഈ ചരിത്രപരമായ പഴക്കം, മുളന്തുരുത്തി മാർത്തോമൻ ദേവാലയത്തെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ക്രൈസ്തവ പൈതൃക കേന്ദ്രങ്ങളിൽ ഒന്നായി നിലനിർത്തുന്നു.

പരി. പരുമല തിരുമേനിയും മുളന്തുരുത്തിയും

ഫാ. അലക്സ് പി. ജോർജ്ജ് (സഹവികാരി)

ആമുഖം:

പരി. പരുമല തിരുമേനി മുളന്തുരുത്തിയുടെ മണ്ണിൽ കിളിർത്ത് വളർന്ന വിശുദ്ധ വൃക്ഷമാണ്. സമൂഹത്തിലും സഭയിലും ഉന്നത സ്ഥാനത്ത് എത്തിച്ചേർന്നിട്ടും കുടുംബത്തേയും, നാടിനേയും, ഹൃദയത്തിൽ സൂക്ഷിച്ച വ്യക്തിയാണ് പരുമല തിരുമേനി.

പരുമല തിരുമേനിയുടെ ജീവിതത്തെ സ്വാധീനിച്ച മൂന്ന് പ്രധാനപ്പെട്ട വ്യക്തികൾ മുളന്തുരുത്തിയിലുള്ളവരായിരുന്നു.

തിരുമേനിയുടെ പിതാവ് : ദൈവം ദാനമായി നൽകിയ മകനെ അളവറ്റ് സ്നേഹിച്ച വ്യക്തിയാണ് ചാത്തുരുത്തിയിൽ മത്തായി. തൻറെ ഇളയ കെൻ സഭയുടെ ശ്രേഷ്ഠാചാര്യ സ്ഥാനത്ത് എത്തിയിട്ടും വളരെ ശ്രദ്ധ തിരുമേനിയുടെ കാര്യത്തിൽ പിതാവ് നൽകിയിരുന്നു. 1882 ൽ സ്നേഹനിധിയായ ഈ പിതാവ് നിര്യാതനായി.

മൂത്ത സഹോദരി മറിയം : ബാല്യത്തിൽ തന്നെ മാതാവിനെ നഷ്ടപ്പെട്ട തിരുമേനിക്ക് ആ സ്ഥാനത്ത് നിൽക്കുവാൻ ദൈവം നൽകിയ വ്യക്തിയാണ് സഹോദരി മറിയം. തിരുമേനിയുടെ ജീവിതത്തിൽ ഉടനീളം തന്റെ സഹോദരിയോടുള്ള ബന്ധം ഊഷ്മളമായി നിലനിർത്തിയിരുന്നു.

മല്പാൻ ഗിവർഗ്ഗീസ് കത്തനാർ : ബാലനായ ഗീവറുനീസിന്റെ ഗുണങ്ങൾ തിരിച്ചറിഞ്ഞ് അവയെ വളർത്തി ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് എന്ന പുണ്യപുരുഷനാക്കുന്നതിൽ നിർണ്ണായക സ്ഥാനം വഹിച്ചത് ഗീവറുഗീസ് മല്പാനാണ്. 1864-1872 വരെ വിവർസീസ് കഴിയ്യ മുളന്തുരുത്തി പള്ളിയിൽ വൈദീക ശുശ്രൂഷ നിർവ്വഹിച്ചു. 1872 ൽ മുളന്തുരുത്തി പള്ളിയിൽ വച്ച് ലെങ്കര മെത്രാപ്പോലീത്ത ദീവന്നാസിയോസ് അഞ്ചാമനിൽ നിന്നും സാൻ സ്ഥാനം സ്വീകരിച്ചു.

2. മുളന്തുരുത്തി സുന്നഹദോസിലേയും, വി. മൂറോൻ കൂദാശയിലേയും പങ്കാളിത്തം

1876 ൽ മുളന്തുരുത്തി സുന്നഹദോസ് കൂടുമ്പോൾ 3 താൽപര്യങ്ങൾ അതിൽ ഉണ്ടായിരുന്നു.

1. മലങ്കരയിൽ ആധിപത്യം ഉറപ്പിക്കുവാനുള്ള പാത്രീയർക്കീസിന്റെ ശ്രമം
2. നവീകരണത്തെ എതിർക്കുവാൻ ശ്രമിക്കുന്ന പുലിക്കോട്ടിൽ തിരുമേനിയുടെ ആശയങ്ങൾ.
3. സഭയ്ക്ക് കെട്ടുറപ്പും വിശ്വാസ സ്ഥിരതയും, ഭരണ സംവിധാനവും ആഗ്രഹിച്ച ജനങ്ങൾ.

ഈ മൂന്ന് നിലപാടുകളേയും കൂട്ടിച്ചേർക്കുവാൻ കഴിവുള്ള ഏക വ്യക്തി ഗീവറുഗീസ് റമ്പാൻ ആയിരുന്നു.

അനുരജ്ഞനസ്വഭാവത്തിലുള്ള ഇടപെടലുകളിലൂടെ ഗീവർഗ്ഗീസ് റമ്പാൻ മുളന്തുരുത്തി സുന്നഹദോസിൽ നിറഞ്ഞു നിന്നു. ആ വർഷം തന്നെ നടത്തിയ വി. മൂറോൻ കൂദാശയിലും തിരുമേനി നിർണ്ണായക പങ്ക് വഹിച്ചു.

3. മെത്രാപ്പോലീത്താ സ്ഥാനത്തിനു ശേഷം മുളന്തുരുത്തിയിൽ

മെത്രാപ്പോലീത്താ സ്ഥാനമേറ്റശേഷം താൻ എകാന്തവാസം നയിച്ച വെട്ടിക്കൽ ദയറായിൽ എത്തി സഹമെത്രാപ്പോലീത്താമാരോടൊപ്പം 40 ദിവസം ചെലവഴിച്ചു. 1877 ഓയ് 3 ആരംഭിച്ച് 1877 ജൂലൈ 11 ന് ഉപവാസം അവസാനിച്ചു. 1881 ൽ ഫെബ്രുവരി 11 ന് വെട്ടിക്കൽ ദയറായിൽ കൂടിയ സുന്നഹദോസിൽ സംബന്ധിച്ചു.

ഉപസംഹാരം

ഈ മണ്ണിൽ ജനിച്ച് വളർന്ന് തന്റെ ആയുസ്സിന്റെ പകുതിയോടടുത്ത് മുളന്തുരുത്തിയിൽ തന്നെ ചിലവിടുകയും പ്രവർത്തനമേഖല തെക്കൻ പ്രദേശങ്ങളിലേക്ക് മാറ്റിയ സമയത്തും തന്റെ ജന്മനാടിനെ മറക്കാതിരിക്കുകയും ചെയ്ത ഈ പുണ്യപുരുഷ നെ മാതൃകയാക്കാം.

ഈ വിവരങ്ങൾ ശേഖരിച്ചത് തിരുമേനിയുടെ ജീവിത നാൾവഴികളിൽ നിന്നാണ്.

ഇടവകയിലെ വൈദികരും സ്ഥാനികളും

ഫാ. ജോബ് ഡേവിസ് (വികാരി)

ഫാ. അലക്സ് പി. ജോർജ്ജ് (സഹ വികാരി)

ഫാ. സഞ്ജയ് ഏലിയാസ് ജോയി (സഹ വികാരി)

ഫാ. സജോ തോമസ് (സഹ വികാരി)

സോമൻ കെ. പോൾ (ട്രസ്റ്റി)

വിൽസൺ പുല്ലാട്ട് (ട്രസ്റ്റി)

എൻ. ജെ. കുര്യാക്കോസ് (സെക്രട്ടറി)

എഡിറ്റോറിയൽ ബോർഡ്

ഫാ. സഞ്ജയ് ഏലിയാസ് ജോയി (ചീഫ് എഡിറ്റർ)

ജോ പൊല്ലയിൽ (സബ് എഡിറ്റർ)

സുബിൻ മാത്യു (സെക്രട്ടറി)

ഗ്ലെൻ എസ്. ജോയി (ഫിനാൻസ്)

അനൂപ് സക്കറിയ (ട്രഷറർ)

ഫെബിൻ ജോർജ്ജ് (പബ്ലിസിറ്റി)

യുവജനപ്രസ്ഥാനം ഭാരവാഹികൾ, 2025–2026

എൽദോ ഷാജു (സെക്രട്ടറി)

ഷരോൺ പി. സിജു (ജോ. സെക്രട്ടറി)

ഐറിൻ വിജു (ജോ. സെക്രട്ടറി)

ഷോൺ എസ്. ജോയി (ട്രഷറർ)

മുളന്തുരുത്തി മലയാളം സ്കൂൾ

തോമസ് പോൾ, മ്യാലിൽ
(മുളന്തുരുത്തി മാർത്തോമൻ പള്ളി OCYM സെക്രട്ടറി 1971-73)

മലങ്കര ഓർത്തഡോക്സ് സഭയുടെ 1934 ലെ ഭരണഘടനാ പ്രകാരം നിയമാനുസരണം ഭരിക്കപ്പെടുന്ന മുളന്തുരുത്തി മാർത്തോമൻ പള്ളിയുടെ അഭിവാജ്യ ഘടകമായ CGLP, CURCH GIRL ലോവർ പ്രൈമറി സ്കൂൾ, അഥവാ, പെൺ പള്ളിക്കൂടം, തുടക്കം മുതൽ തന്നെ മലയാളസ് കൂൾ എന്നാണ് അറിയപ്പെടുന്നത്.

കക്ഷി വിഭാഗത്തിന്റെ പേരിൽ, മുളന്തുരുത്തിയുടെ പ്രൗഢിക്കും പ്രശസ്തിക്കും കോട്ടം തട്ടുന്ന അനവധി പ്രശ്നങ്ങളും പ്രയാസങ്ങളും പിന്നിട്ട 50 വർഷക്കാലം, ഈ ദേശവാസികൾക്കു നേരിടേണ്ടി വന്നു എന്നത്, മറച്ചു വെക്കാൻ കഴിയാത്ത ഒരു വസ് തുതയാണ്. 900 വർഷം, പഴക്കമുള്ള ഈ ദേവാലയ സമുച്ചയം, ദേശത്തിന്റെ തന്നെ അനുഗ്രഹവും അത്താണിയുമാണ്. അനവധിയായ സാമൂഹ്യ സാംസ്കാരിക പ്രതിഭകളെയും ആത്മീയ ഗുരുക്കന്മാരെയും വാർത്തെടുത്ത ഈ ദേവാലയത്തിന് ഒരു സത്യമുണ്ട്. നമ്മുടെ രാജ്യത്തെ പിടിച്ചുകുലുക്കിയ അനവധി ദാരുണ സംഭവങ്ങൾ രാജ്യത്തു ഉടനീളം സംഭവിച്ചപ്പോഴും ഇന്ത്യയുടെ കാവൽ പിതാവും നമ്മുടെ അപ്പോസ്തോലനുമായ പരിശുദ്ധ മാർത്തോമാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ മുളന്തുരുത്തി പ്രദേശവാസികൾക്ക് ഒരു ദോഷവും കൂടാതെ കത്ത് രക്ഷിച്ച ഒരു ചരിത്രമാണ് ഉള്ളത്. നാനാജാതി മതസ്ഥരുമായി ഐക്യത്തിലും സ്നേഹത്തിലും കഴിഞ്ഞു കൂടിയ നേർവഴികളാണ് ഈ ദേശത്തിനുള്ളത് നാടുവാഴികളും രാജാക്കന്മാരും നാട് ഭരിച്ചപ്പോഴും നമ്മുടെ പൂർവികർ ഐശ്വര്യപൂർണ്ണമായി സഹവസിച്ചിരുന്നു . പേർഷ്യൻ അറേബ്യൻ സംസ്കാരവും, അന്ത്യോക്യൻ സംസ്കാരവും, യൂറോപ്യൻ സംസ്കാരവും ഈ പ്രദേശം ഉൾക്കൊണ്ടിട്ടുണ്ട്. എന്നാൽ അതൊന്നും തന്നെ നമ്മുടെ തനതായ സ്വാതന്ത്ര്യം കളഞ്ഞു കുടിച്ചിട്ടില്ല. പതിനാറാം നൂറ്റാണ്ടിൽ ആണ് ആദ്യമായി വൈദേശിക ശക്തികൾ ആധിപത്യം സ്ഥാപിക്കുന്നതിന് കേരളത്തിൽ എത്തുന്നത്. മലങ്കര സഭയെ സംബന്ധിച്ചിടത്തോളം എഡി 1599 ഉദയംപേരൂർ സുന്നഹദോസിലൂടെ പരിശുദ്ധ സഭയുടെ പഠിപ്പിക്കലും പാരമ്പര്യങ്ങളും അടിയറവു വെക്കാൻ നമ്മെ നിർബന്ധിച്ചു. എന്നാൽ എഡി 1653 ൽ മട്ടാഞ്ചേരിയിൽ ഒത്തുചേർന്ന കൂനൻകുരിശു സത്യത്തിലൂടെ നമുക്ക് ഉത്തങ്കമായ ഒരു തിരിച്ചുവരവ് ലഭിച്ചു. അതിൽ പങ്കുകൊണ്ട് നസ്രാണികളുടെ ചങ്കായിരുന്നു മുളന്തുരുത്തി. ചരിത്രത്തിലേക്ക് കടക്കുന്നതിനല്ല ഇത്രയും രേഖപ്പെടുത്തിത്. മറിച്ചു, പിന്നീടുണ്ടായ പ്രൊട്ടസ്റ്റന്റ് പഠിപ്പിക്കലിന്റെ നടുവിൽ, ജനനം, കൊണ്ടും ജീവിതം കൊണ്ടും, മാദ്ധ്യസ്ഥത കൊണ്ടും നമ്മെ ധന്യമാക്കിയ പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് കൊച്ചുതിരുമേനിയുടെ പ്രസക്തി മുളന്തുരുത്തിക്കു ലഭിച്ച മഹാഭാഗ്യമാണ് നമ്മുടെ കർത്താവും രക്ഷിതവുമായ യേശുക്രിസ്തുവിൽ അനുരൂപമായി സാക്ഷിയായി സത്യത്തിനും നീതിക്കും സാമൂഹ്യ നന്മക്കും ഉതകുമാറ്, ഒരു വെള്ളിനക്ഷത്രമായി പരിശുദ്ധ കൊച്ചുതിരുമേനി പ്രശോഭിച്ചു. പരിശുദ്ധ തിരുമേനിയുടെ ക്രാന്ത ദർശനത്തിന്റെ പ്രതീകമാണ് മുളന്തുരുത്തി പള്ളിയോടു ചേർന്ന് ഹയർ സെക്കണ്ടറി സ് കൂളും പെൺപള്ളിക്കൂടവും. ഇതിനു രണ്ടിനും ഇടയിൽ തല ഉയർത്തി നിൽക്കുന്ന ഓർത്തഡോക്സ് സെന്റർ കേവലം യാഥാർഷികമല്ല, മറിച്ച് ഒരു ദിവ്യ സന്ദേശമാണ് നമുക്ക് നൽകുന്നത്.

എഡി. 1912 ൽ മലങ്കരയിൽ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ പരിശുദ്ധ കാതോലിക്കേറ്റ് പുനഃസ്ഥാപിച്ചു. ആ കാലഘട്ടത്തിൽ തന്നെ, പാത്രിയർക്കീസ് വിഭാഗം നിസ്സകരണം ആരംഭിച്ചു. അതിന്റെ ഭാഗമായി പ്രസിദ്ധമായിരുന്ന സെന്റ് തോമസ് ഹൈസ്കൂളിന്റെ പുരോഗതി നിലച്ചു. തന്മൂലം ഹൈസ്കൂൾ കൊച്ചി സർക്കാരിന് വിട്ടു കൊടുക്കേണ്ടി വന്നു.

പിന്നീട് അനവധി പൂർവികർ വിദ്യാരംഭം കുറിച്ച മലയാളസ്കൂൾ മാത്രമായി മുളന്തുരുത്തി പള്ളിയുടെ വിദ്യാഭ്യാസ രംഗം ശുഷ്ക്കിച്ചു. പ്രഗൽഭരായ അധ്യാപക ശ്രേഷ്ഠരുടെയും നല്ലവരായ നാട്ടുകാരുടെയും ശ്രമഫലമായി മലയാള സ്കൂൾ ഭംഗിയായി പ്രവർത്തിച്ചുകൊണ്ടിരിക്കെ 1970 കളിൽ തുടക്കം ഇട്ട കക്ഷി വഴക്കിന്റെ പരിണിത ഫലമായി സ്കൂളിന്റെ പുരോഗതി മന്ദഗതിയിലായി. ചുരുക്കത്തിൽ പാത്രിയർക്കീസ് വിഭാഗം പരിശുദ്ധ പരുമല തിരുമേനിയുടെ ചിരകാല അഭിലാഷം, പാടെ തകർത്തു. എഡി 2018 ൽ കേരള വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ AEO യുടെ കൈകളിൽ അഡ്മിനിസ്ട്രേഷൻ വിട്ടു കൊടുക്കേണ്ടിവന്നു എന്നാൽ പരിശുദ്ധന്റെ മധ്യസ്ഥതയാൽ മുളന്തുരുത്തിയുടെ മക്കൾ നിസ്വാർഥമായ പ്രവർത്തനം കൊണ്ട് മലയാള സ്കൂൾ ഇപ്പോൾ പരിശുദ്ധസഭയ്ക്കുവേണ്ടി വീണ്ടെടുത്തിയിരിക്കുകയാണ് മുളന്തുരുത്തി ഇടവകയുടെ ബഹുമാനപ്പെട്ട വികാരി ജോബ് ഡേവിസ് അച്ചനോടും, ഇടവകയുടെ കൈക്കാരമാരോടും, ഭരണസമിതിയോടും, ഒപ്പം നേതൃത്വനിരയിൽ പ്രവർത്തിച്ച ശ്രീമാന്മാരായ കെ.സി. വിൽസൺ, എബിൻ മത്തായി, അഡ്വ. ജോ പൊല്ലയിൽ എന്നിവരോടും പ്രത്യേകം സ്നേഹവും ബഹുമാനവും പങ്കുവെക്കുന്നു.

സമർപ്പണ കുറുപ്പ്:

ഇതു എഴുതിയ ലേഖകൻ നാലാം ക്ലാസ് വരെ മലയാള സ്കൂളിൽ വിദ്യാരംഭം കുറിച്ച മാർത്തോമൻ പള്ളി ഇടവകാംഗമാണ്. മുളന്തുരുത്തി ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കോളേജ് വിദ്യാഭ്യാസം ആരംഭിക്കുമ്പോൾ തന്നെ ഇടവകയുടെ യുവജന പ്രസ്ഥാനത്തിലും സൺഡേ സ്കൂൾ പ്രസ്ഥാനത്തിലും പ്രവർത്തിച്ചിരുന്നു 1970-1973 കാലയളവിൽ മലയാളസ്കൂളിൽ ഞായറാഴ്ചതോറും ഉച്ചക്ക് ശേഷം പ്രവർത്തിച്ചിരുന്ന സൺഡേ സ്കൂളിലെ ഒരു അദ്ധ്യാപകനായിരുന്നു ഒരു നാടകത്തിലെ തിരക്കഥപോലെ സൺഡേസ്കൂൾ പെട്ടെന്നൊരു ദിവസം നിർത്തലാക്കുന്നതിനു അന്നത്തെ ഇടവക വികാരി ആവശ്യപ്പെട്ടു. ഏതാനും മാസങ്ങൾക്കു ശേഷം പുനരാരംഭിക്കുമ്പോൾ ഞാനുൾപ്പെടെ ഓർത്തഡോക്സ് വിശ്വാസികളായ അദ്ധ്യാപകരെ ഒഴിവാക്കുകയാണ് ഉണ്ടായത്. മലയാളസ്കൂൾ മലയാളക്കരയുടെ അഭിമാനമായി മാറ്റുന്നതിനും പരുമല മാർഗ്രീഗോറിയോസിന്റെ അന്ത്യകാലത്തെ അഭിലാഷമായിരുന്ന സാധു സംരക്ഷണത്തിനും ആതുര സേവനത്തിനും ഉതകുന്ന പ്രവർത്തന രേഖ പ്രാവർത്തികമാക്കുന്നതിനും മുളന്തുരുത്തി മാർത്തോമൻ പള്ളിക്കു സാധ്യമാകട്ടെ എന്ന് ആശംസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സെക്രട്ടറിയുടെ കത്ത്

എൽദോ ഷാജു (സെക്രട്ടറി)

മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനും മുളന്തുരുത്തിയുടെ അനുഗ്രഹവുമാണ് പരിശുദ്ധനായ പരുമല തിരുമേനി. പ്രാർഥനയിലും നോമ്പുപവാസങ്ങളിലും നിറഞ്ഞ തിരുമേനിയുടെ ജീവിതം ഈ കാലഘട്ടത്തിൽ യുവതലമുറയ്ക്ക് ദിശാബോധം നൽകുന്ന ഒരു ദിവ്യ സാന്നിധ്യമാണ്.

സഭയുടെ ആത്മീയ വളർച്ചയ്ക്കും മനുഷ്യ സ്നേഹത്തിനും വേണ്ടി ജീവൻ മുഴുവനും സമർപ്പിച്ച വിശുദ്ധന്റെ മാതൃക, നാം ഇന്ന് കടന്നുപോകുന്ന വെല്ലുവിളികളുടെയും പ്രതിസന്ധികളുടേയും ഇടയിൽ നമ്മെ ശക്തരാക്കുന്നു. അതിന്റെ വെളിച്ചത്തിൽ നമ്മുടെ യുവജനങ്ങൾ സഭാഗാത്രത്തിൽ സുവിശേഷ സാക്ഷ്യമുള്ള ശുശ്രൂഷാജീവിതത്തിലേക്ക് ഉയർന്നുവരേണ്ടതുണ്ട്.

പരിശുദ്ധന്റെ പെരുന്നാൾ ആ വിശുദ്ധന്റെ മാതൃ ഇടവകയായ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ 2025 ഒക്ടോബർ 26 മുതൽ നവംബർ 4-ാം തീയതി വരെ സമുചിതമായി ആചരിക്കുമ്പോൾ എല്ലാവിധ നന്മകളും നേരുകയും, പെരുന്നാൾ സപ്ലിമെന്റിന് ആശംസകളും, പ്രസിദ്ധീകരണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് യുവജനപ്രസ്ഥാനത്തിന്റെ പേരിൽ ഹൃദയം നിറഞ്ഞ നന്ദിയും അറിയിക്കുന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ നമ്മുടെ കുടുംബങ്ങളിലും ഇടവകയിലും സമാധാനവും ദൈവാനുഗ്രഹവും നിറയട്ടെ

പ്രഥമം, പാവനം
വെട്ടിക്കൽ ദയറായും പരുമല തിരുമേനിയും

ഫാ. കുര്യാക്കോസ് ജോർജ്ജ് (മാനേജർ, വെട്ടിക്കൽ ദയറാ)

മലങ്കര സഭയുടെ ചരിത്രത്തിലെ ആദ്യ സന്യാസ ഭൂമികയാണ് മുളന്തുരുത്തി വെട്ടിക്കൽ മാർത്തോമൻ ദയറാ. തൊള്ളായിരം വർഷങ്ങളുടെ ചരിത്രമാണ് ഈ പുണ്യഭൂമിക്ക് പറയാനുള്ളത്. എ. ഡി. 1125-ൽ തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളുടെ അതിർത്തിയിൽ ചെങ്കല്ലിൽ വെട്ടിയെടുത്ത കുരിശ് സ്ഥാപിച്ചുകൊണ്ടാണ് ഈ പ്രസ്ഥാനത്തിൻറെ ആരംഭം. വടക്കൻ പ്രദേശങ്ങളിലെ പ്രത്യേകിച്ച് പിറവം, കണ്ടനാട്, മുളന്തുരുത്തി, നടമേൽ, കരിങ്ങാച്ചിറ തുടങ്ങി വിവിധ ദേവാലയങ്ങളിലെ സന്യസ്ഥരായ വൈദികരുടെ ആശ്രയമായിരുന്നു ദയറാ. വളർച്ചയുടെ പടവുകളിൽ മലങ്കര സഭയ്ക്ക് അതുല്യമായ സംഭാവനകൾ നൽകിയ ഒരു പ്രസ്ഥാനമാണ് ഇത്.

ചരിത്രത്തിലെ ചില നാഴികക്കല്ലുകൾ

എ. ഡി. 1125 ചെങ്കല്ല് കൊണ്ടുള്ള കുരിശ് സ്ഥാപിക്കപ്പെട്ടു. ഇന്നും ഈ കൽക്കുരിശ് ദയറായുടെ കിഴക്കു വശത്തായി തലയുയർത്തി നിൽക്കുന്നു. 1200- ൽ കുരിശുപള്ളിയായി ഉയർത്തപ്പെട്ടു. പതിനാറാം നൂറ്റാണ്ടിൽ തുറബ്ദീനിൽ നിന്നും മലങ്കരയിലേക്ക് വന്ന സംഘത്തിലെ മാർ അന്ത്രയോസ് ബാവ ദീർഘകാലം ഇവിടെ താമസിച്ചിരുന്നു. വെട്ടിക്കൽ ദയറാ തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളുടെ അതിർത്തികൾക്കുള്ളിൽ നിലനിർത്താൻ ലഹള നടന്നതായി ചരിത്രം സാക്ഷിക്കുന്നുണ്ട്. കൊല്ലവർഷം 989 വെട്ടിക്കൽ പള്ളി നിൽക്കുന്ന സ്ഥലത്തെ സംബന്ധിച്ച് തിരുവിതാംകൂർ കൊച്ചി രാജ്യങ്ങൾ തമ്മിലുണ്ടായ തർക്കത്തിൽ റസിഡൻറ് ഇടപെടണമെന്ന് ആവശ്യപ്പെട്ട് കൊച്ചി മഹാരാജാവ് കത്തെഴുതി എന്നതും ചരിത്ര വസ്തുതയാണ്. തൊഴിയൂർ സഭയുടെ വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ട കാട്ടുമങ്ങാട്ട് ഇളയ ബാവ എന്നറിയപ്പെടുന്ന ഗീവർഗീസ് മാർ കൂറിലോസ് 1809-ൽ കാലം ചെയ്ത് കബറടങ്ങിയിരിക്കുന്നതും ഇവിടെയാണ്. മുളന്തുരുത്തി പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിക്കുന്ന കാലത്ത് ചാത്തുരുത്തി ഗീവർഗീസ് കത്തനാർ (പിന്നീട് പരുമല തിരുമേനി) വ്രതമനുഷ്ഠിച്ചു ജീവിച്ചതും ഈ പുണ്യഭൂമിയിലാണ്.

വെട്ടിക്കൽ ദയറായെ മലങ്കര സഭയുടെ ആദ്യ സന്യാസഭവനം എന്ന ഖ്യാതിക്കുമപ്പുറം പ്രഥമ ഗണനീയമാക്കുന്ന ചില വസ്തുതകൾ പരാമർശിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

1. വേദപുസ്തക തർജ്ജിമ

വേദപുസ്തകത്തിന്റെ ആദ്യ മലയാള തർജ്ജിമയായി കണക്കാക്കപ്പെടുന്നത് കായംകുളം ഫിലിപ്പോസ് റമ്പാനാൽ വിരചിതമായ 'റമ്പാൻ ബൈബിൾ' ആണ്. 1775 ൽ ഫിലിപ്പോസ് റമ്പാൻ ശെമ്മാശ്ശനായിരുന്ന കാലത്ത് വെട്ടിക്കൽ ദയറായിൽ താമസിക്കുകയും തേവനാൽ തടത്തിൽ വനവാസമനുഷ്ഠിച്ചിരുന്ന കാട്ടുമങ്ങാട്ട് ബാവമാരുടെ കൈവശമുണ്ടായിരുന്ന സുറിയാനി ഭാഷയിലുള്ള സുവിശേഷങ്ങളുടെ കയ്യെഴുത്ത് പ്രതി തയ്യാറാക്കിയതായി രേഖകൾ ഉണ്ട്. പിൽക്കാലത്ത് ഈ കയ്യെഴുത്ത് പ്രതികൾ ഇംഗ്ലീഷ് മിഷനറി ആയിരുന്ന ബുക്കാനൻ കൊണ്ടുപോവുകയും ഇന്നും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ ലൈബ്രറിയിൽ സൂക്ഷിക്കപ്പെടുന്നു എന്നതും ചരിത്ര വസ്തുതയാണ്. ഈ കയ്യെഴുത്ത് പ്രതികളാണ് 'റമ്പാൻ ബൈബിൾ' എന്ന മലയാള ഭാഷ തർജ്ജിമയിലേക്ക് അദ്ദേഹത്തെ നയിച്ചത് എന്നതും വെട്ടിക്കൽ ദയറായുടെ നിയോഗമാണ്.

2. ദേവാലയത്തിന്റെ ഘടന

മലങ്കര സഭയിൽ ഇദംപ്രഥമായാണ് ഇത്തരത്തിൽ വ്യത്യസ്തമായ ഘടനയിൽ ഒരു ദേവാലയം നിർമ്മിക്കപ്പെടുന്നത്. രണ്ടു നിലകളിലായിട്ടാണ് ഇതിൻറെ നിർമ്മിതി. സഭയുടെ സാമൂഹിക ആരാധനയിൽ പൊതുജനങ്ങൾക്കും പങ്കെടുക്കത്തക്ക വിധം താഴെ ഒരു ദേവാലയവും, സന്യസ്ഥർക്ക് ധ്യാനത്തിനും മനനത്തിനും ആയി മുകളിൽ ഒരു ധ്യാനമുറിയുമായാണ് ഈ ദേവാലയത്തിന്റെ പണിയപ്പെട്ടത്. 1877 ടി. ദയറാചാപ്പലിന്റെ കൂദാശ മലങ്കര മെത്രാപ്പോലീത്തയുടെയും ആ കാലയളവിൽ വാഴിക്കപ്പെട്ട എല്ലാ മെത്രാപ്പോലീത്തന്മാരുടെയും നേതൃത്വത്തിൽ നിർവഹിക്കപ്പെട്ടത്. 1881ൽ ഇതിനോടനുബന്ധമായി സന്യാസ ഭവനത്തിന്റെ പണി പൂർത്തിയായതായി ദേവാലയത്തിന്റെ ഉത്തരത്തിൽ സുറിയാനി ഭാഷയിൽ ലിഖിതങ്ങൾ ഉണ്ട്. ഇതിന് നേതൃത്വം നൽകി നൽകിയത് പ. പരുമല തിരുമേനിയാണ്. 1976 ഡിസംബർ 10ന് പരുമല തിരുമേനിയുടെ മെത്രാപ്പോലീത്ത സ്ഥാനാരോഹണത്തിന്റെ നൂറാം വാർഷിക ദിനത്തിൽ ഈ മേൽത്തട്ട് അഭി. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത പരുമല തിരുമേനിയുടെ നാമധേയത്തിൽ ഒരു ചാപ്പലായി പണിയുകയും പരി. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവ പ്രതിഷ്ഠ നിർവഹിക്കുകയും ചെയ്തു. ഡിസംബർ 10 പരുമല തിരുമിയുടെ പെരുന്നാൾ ആയി ഇന്നും ആചരിച്ചു വരുന്നു.

3. സുന്നഹദോസിന്റെ ആദിമരൂപം

1876 ൽ പത്രോസ് തൃതീയൻ പാത്രിയാർക്കീസ് മലങ്കര സഭയെ 'വിഭജിച്ച് ഭരിക്കുക' എന്ന ലക്ഷ്യം വെച്ച് വിവിധ ഭദ്രാസനങ്ങളായി ഭാഗിച്ച് പരിശുദ്ധ പരുമല തിരുമേനി അടക്കം മെത്രാപ്പോലീത്തമാരെ വാഴിച്ചപ്പോൾ മലങ്കര മെത്രാപ്പോലീത്ത അടക്കം നവഭിഷക്തരായ മെത്രാപ്പോലീത്തമാർ വെട്ടിക്കൽ ദയറായിൽ താമസിച്ച് 40 ദിവസം ധ്യാനിക്കുകയും മലങ്കര മെത്രാപ്പോലീത്തയുടെ നേതൃത്വം അംഗീകരിച്ച് മലങ്കരയിൽ ഒരു സഭയായി നിലകൊള്ളുവാൻ തീരുമാനിക്കുകയും ചെയ്തു. ഏകനായകനാൽ നയിക്കപ്പെട്ടിരുന്ന മലങ്കര സഭ അങ്ങനെ സുന്നഹദോസിനാൽ ഭരിക്കപ്പെടുന്നതിന്റെ ആദിരൂപം മലങ്കര സഭയിൽ ദൃശ്യമായത് വെട്ടിക്കൽ ദയറായിലെ ഈ ധ്യാന ശേഷമാണ്.

അങ്ങനെ മലങ്കര സഭയുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരേടായി വെട്ടിക്കൽ ദയറാ ശോഭിക്കുന്നു. മലങ്കര സഭയിലെ പ്രഥമ സന്യാസഭവനമായ വെട്ടിക്കൽ ദയറാ മലങ്കര സഭയ്ക്ക് നൽകിയ പാവന നിധിയാണ് പരി. പരുമല തിരുമേനി. നവശതാബ്ദി നിറവിൽ വെട്ടിക്കൽ ദയറാ പരിശുദ്ധ സഭയ്ക്ക് നവചൈതന്യമാകട്ടെ.